# പതിമൂന്നാം കേരള നിയമസഭ

## 4-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :793 08.03.2012-ൽ മറുപടിയ്ക്ക്

### ജലനിധിയുടെ 2-ാം ഘട്ട പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അച്യുതൻ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.വി.റ്റി.ബൽറാം | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലനിധിയുടെ 2-ാം ഘട്ട പദ്ധതിയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) ജലനിധിയുടെ 2-ാം ഘട്ട പദ്ധതിയ്ക്കായുള്ള 1022 കോടി രൂപയുടെ പ്രോജക്ടിന് കേന്ദ്ര സർക്കാരും ലോകബാങ്കും അംഗീകാരം നൽകിയിട്ടുണ്ട്. ലോകബാങ്കും, കേന്ദ്ര സർക്കാരും, സംസ്ഥാന സർക്കാരും, ജലനിധിയും തമ്മിലുള്ള കരാർ 2012 ഫെബ്രുവരി മാസം 15-ന് തിരുവനന്തപുരത്ത് വെച്ച് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒപ്പ് വച്ചു. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ 22 പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) എത്ര പഞ്ചായത്തുകളിൽ ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു; | (ബി) 200 പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) എല്ലാ പഞ്ചായത്തുകളിലും ഇത് നടപ്പിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) മാനദണ്ഡങ്ങൾക്ക് വിധേയമായി തെരഞ്ഞെടുക്കപ്പെടുന്ന 200 പഞ്ചായത്തുകളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ